## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3288

18.02.2013-ൽ മറുപടിക്ക്

### ക്ഷീരവികസനവുമായി ബന്ധപ്പെട്ട് ഓരോ മണ്ഡലത്തിലും നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| (എ) മുൻകാലങ്ങളിൽനടപ്പിലാക്കിയിരുന്ന പശുഗ്രാമം പദ്ധതിപോലുള്ള ഏതെല്ലാം പുതിയ പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;ഈ സർക്കാർ അധികാരമേറ്റ ശേഷം പാൽ ഉൽപാദനംവർദ്ധിപ്പിക്കുവാൻ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) മൃഗ സംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പുമായി ചേർന്ന് നിലവിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലുല്പാദനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ച് ക്ഷീര വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ പ്രധാനമായവ കർഷകർക്ക് പശുക്കളെ / കിടാരികളെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിനും മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിനും കാലിത്തൊഴുത്ത് പണിയുന്നതിന് ധനസഹായം അനുവദിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള എം.എസ്. ഡി.പി, തീറ്റച്ചെലവ് കറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ധന സഹായം അനുവദിക്കുന്ന തീറ്റ പ്പുൽകൃഷി വികസന പദ്ധതി, സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾ |

ആധുനികവൽക്കരിക്കുക വഴി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്ന 'ക്ഷീര സംഘങ്ങളുടെ നവീകരണം' എന്നിവയാണ്.

കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷുറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷുറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരി പഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു

(ബി) ചേർത്തല താലൂക്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പാൽ ഉത്പാദനത്തിലുണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ; ഉത്പാദന വർദ്ധനവിലൂടെയും പാൽവില വർദ്ധനവിലൂടെയും ക്ഷീര കർഷകർക്ക് ലഭിച്ച വരുമാന വർദ്ധനവ് എത്രയാണ് വിശദമാക്കാമോ;

(ബി)

| | |
|---|---|
| 2010-2011 -ലെ പാലുല്പാദനം | 52,83,916 ലിറ്റർ |
| 2011-2012 -ലെ പാലുല്പാദനം | 56,55,216 ലിറ്റർ |
| വർദ്ധനവ് വ്യത്യാസം | 3,71,300 ലിറ്റർ |

(7% വർദ്ധനവ് ഉണ്ടായി)

2010-2011–52,83,916 ലിറ്റർ@ Rs.17.45
= Rs. 9,22,04,334/-
2011-2012 –5655216 ലിറ്റർ@ Rs.21.65
= Rs. 12,24,35,426/-

വരുമാന വർദ്ധനവ് - 3,02,31,092
(33% വർദ്ധനവ്)

| | | | |
|---|---|---|---|
| (സി) | ക്ഷീര വികസനവുമായി ബന്ധപ്പെട്ട് ഓരോ മണ്ഡലത്തിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ; | (സി) & (ഡി) | വകുപ്പിൽ നിന്നും ജില്ല തിരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ലക്ഷ്യം നിശ്ചയിക്കുന്നത്. ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുകൾ വഴിയാണ് മേൽ പറഞ്ഞ പദ്ധതികൾ ഓരോ ജില്ലയിലും നടപ്പിലാക്കുന്നത്. |
| (ഡി) | ഈ പദ്ധതികൾക്കുവേണ്ടി ഓരോ മണ്ഡലത്തിലും എത്ര തുക അനുവദിക്കുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ